07/11/19 -ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റെൻഷൻ ഡിപ്പാർട്ട്മെന്റിൽ വച്ച് നടന്ന എൻ. എസ്. എസ്. ഓഫീസർമാരുടെ യോഗ നടപടി ക്രമങ്ങളുടെ മിനിറ്റ്സ്

ഹാജരായവർ

1	ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടി	പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല	(ഒപ്പ്)
2	ശ്രീ. രവീന്ദ്ര കുമാർ ഡി.	പ്രോഗ്രാം കോ-ഓർഡിനേറ്റർ നിയമ സർവ്വ കലാശാല	(ഒപ്പ്)
3	ഡോ. സി.ആർ. അജിത്ത്സെൻ	പ്രോഗ്രാം കോ-ഓർഡിനേറ്റർ ഐ.എച്ച്. ആർ.ഡി.	(ഒപ്പ്)
4	ശ്രീ. ഐ.വി. സോമൻ	ട്രെയിനിംഗ് കോ-ഓർഡിനേറ്റർ ഇ.റ്റി.ഐ കളമശ്ശേരി	(ഒപ്പ്)
5	ശ്രീ. ബ്രഹ്മനായകം മഹാദേവൻ	എൻ.എസ്.എസ്. ട്രെയിനർ	(ഒപ്പ്)
6	ശ്രീമതി. അജിത. എസ്.	പ്രോഗ്രാം കോ-ഓർഡിനേറ്റർ ടെക്നിക്കൽ സെൽ	(ഒപ്പ്)
7	ശ്രീ. ഉണ്ണി. എ.എം.	പ്രോഗ്രാം കോ-ഓർഡിനേറ്റർ കുസാറ്റ്	(ഒപ്പ്)
8	ഡോ. ഷാജി.എ	പ്രോഗ്രാം കോ-ഓർഡിനേറ്റർ കേരള സർവ്വ കലാശാല	(ഒപ്പ്)
9	ഡോ. ജോയ് വർഗ്ഗീസ് വി.എം.	പ്രോഗ്രാം കോ-ഓർഡിനേറ്റർ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാ ശാല	(ഒപ്പ്)
10	ശ്രീ. രാകേഷ് എ	എറണാകുളം ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ ടെക്നിക്കൽ സെൽ	(ഒപ്പ്)
11	ശ്രീ. അനീഷ്. ആർ	ഇടുക്കി ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ ടെക്നിക്കൽ സെൽ	(ഒപ്പ്)
12	ശ്രീ. സരോഷ്. എച്ച്	കൊല്ലം & പത്തനംതിട്ട റീജിയണൽ കോ-ഓർഡിനേറ്റർ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാ ശാല	(ഒപ്പ്)
13	ശ്രീ. അനിൽ ആർ	ആലപ്പുഴ റീജിയണൽ കോ-ഓർഡിനേറ്റർ വി.എച്ച്.എസ്.സി.	(ഒപ്പ്)
14	ശ്രീ. ധനേഷ് കെ. ഉണ്ണി	കാലിക്കട്ട് ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, ടെക്നിക്കൽ സെൽ	(ഒപ്പ്)
15	ശ്രീ. ഖാദർ കെ.എ	മലപ്പുറം ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, ടെക്നിക്കൽ സെൽ	(ഒപ്പ്)

16	ശ്രീ. തങ്കച്ചൻ യു.പി.	പി.എ.സി. തൊടുപുഴ, ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	
17	ശ്രീ. ദർശൻ ലാൽ എസ്.	ഐ.റ്റി.ഡി. സെൽ	(ഒപ്പ്)
18	ശ്രീ. രാഹുൽ ആർ	പി.എ.സി. കോട്ടയം, ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
19	ഡോ. കൃഷ്ണകുമാൽ എം.	റീജിയണൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ കേരള ആരോഗ്യ സർവ്വകലാശാല	(ഒപ്പ്)
20	ശ്രീമതി. ബിജി ആൻ കുര്യൻ	പി.എ.സി. കോട്ടയം, ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
21	ശ്രീമതി. ബിജുമോൾ. കെ.റ്റി.	സോണൽ കോ-ഓർഡിനേറ്റർ, ടെക്നിക്കൽ സെൽ	(ഒപ്പ്)
11	ശ്രീമതി. മഞ്ചു വി.	കാസറഗോഡ് ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, ടെക്നിക്കൽ സെൽ	(ഒപ്പ്)
23	ശ്രീ. മാത്യു. എം.	പ്രോഗ്രാം ഓഫീസർ ഐ.എച്ച്.ആർ.ഡി.	(ഒപ്പ്)
24	ശ്രീമതി. പി ഗിരിജ കുമാരി	പ്രോഗ്രാം ഓഫീസർ ഐ.എച്ച്.ആർ.ഡി.	(ഒപ്പ്)
25	ശ്രീ. എമിൽ എഡിസൺ	പ്രോഗ്രാം ഓഫീസർ ഐ.എച്ച്.ആർ.ഡി.	(ഒപ്പ്)
26	ഡോ. സി. പ്രദീപ് കുമാർ	പത്തനംതിട്ട ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, കേരള സർവ്വകലാശാല	(ഒപ്പ്)
27	ഡോ. ഗോപകുമാർ	പ്രോഗ്രാം ഓഫീസർ, കേരള സർവ്വകലാശാല	(ഒപ്പ്)
28	പ്രൊഫ. കെ.എൻ. രമേഷ്	തൃശ്ശൂർ ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, കാലിക്കട്ട് സർവ്വകലാശാല	(ഒപ്പ്)
29	ശ്രീ. വസന്തരാജൻ കെ.വി.	ആലപ്പുഴ ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
30	ശ്രീ. ഹരികുമാർ വി. എസ്.	പത്തനംതിട്ട ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
31	ശ്രീ. മണികണ്ഠൻ ആർ	ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
32	ശ്രീ. റ്റി. നിഷാദ്	ആലപ്പുഴ ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ കേരള സരവ്വകലാശാല	(ഒപ്പ്)
33	ഡോ. സുരേഷ് ചന്ദ്ര കുറിപ്പ് ആർ	പ്രോഗ്രാം ഓഫീസർ കേരള സർവ്വകലാശാല	(ഒപ്പ്)
34	ശ്രീ. ഷിബു. എം.സി.	കോട്ടയം ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ, വി.എച്ച്.എസ്.സി.	(ഒപ്പ്)
35	ഡോ. ജേക്കബ് ജോൺ	പ്രോഗ്രാം കോ-ഓർഡിനേറ്റർ ഹയർസെക്കന്ററി ഡയറക്ട്രേറ്റ്	(ഒപ്പ്)
36	ശ്രീ. രഞ്ജിത്ത് പി.	പ്രോഗ്രാം കോ-ഓർഡിനേറ്റർ	(ഒപ്പ്)

		വി.എച്ച്.എസ്.സി.	
37	ശ്രീ.ജി.പി.സജിത്ത്ബാബു	റീജിയണൽ ഡയറക്ടർ, എൻ.എസ്.എസ്.	(ഒപ്പ്)
38	ഡോ. കെ സാബുക്കുട്ടൻ	സ്റ്റേറ്റ്. എൻ.എസ്. എസ്. ഓഫീസർ	(ഒപ്പ്)
39	ശ്രീ. ഷിജു. എം. ആർ.	സീനിയർ ക്ളാർക്ക്, സംസ്ഥാന എൻ.എസ്.എസ്. ഓഫീസ്	(ഒപ്പ്)
40	ശ്രീ. ദീപുകൃഷ്ണൻ എ.	ലോവർഡിവിഷൻ ടൈപ്പിസ്റ്റ്, സംസ്ഥാന എൻ.എസ്.എസ്.	(ഒപ്പ്)

എൻ.എസ്.എസ്. ഗാനത്തോടുകൂടി എൻ.എസ്.എസ്. ഓഫീസർമാരുടെ യോഗം കൃത്യം 11.00 എ.എം. ന് ആരംഭിച്ചു. സംസ്ഥാന എൻ.എസ്.എസ് ഓഫീസർ (അധിക ചുമതല) ഡോ. കെ. സാബുക്കുട്ടൻ (രജിസ്ട്രാർ മഹാത്മാഗാന്ധി സർവ്വകലാശാല) എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് യോഗാംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. എൻ.എസ്.എസ്. ഗോൾഡൻ ജൂബിലിയും മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവും പ്രമാണിച്ച് മികച്ച എൻ.എസ്.എസ്. പ്രവർത്തനങ്ങൾ ഓരോ എൻ.എസ്.എസ്. സെല്ലും നടത്തേണ്ടതുണ്ടെന്ന് എൻ.എസ്.എസ്. ഓഫീസർ അഭിപ്രായപ്പെട്ടു. കേരളത്തിലെ എല്ലാ എൻ.എസ്.എസ്. സെല്ലുകളും വ്യത്യസ്തങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും 2019-20 വർഷത്തിൽ എൻ.എസ്.എസ്. മുഖേനെ നിർദ്ധന കുടുംബങ്ങൾക്ക് പുതുതായി വീട് നിർമ്മിച്ച് നൽകുന്നതും പുനരുദ്ധാരണം നടത്തി നൽകുന്നതുമായ ഭവനങ്ങൾക്ക് ഗോൾഡൻ ജൂബിലി ഭവനം എന്ന് പേരിടുന്നതിനും അവയുടെ താക്കോൽ ദാനം കേരളത്തിലെ എല്ലാ സെല്ലുകളും ചേർന്ന് സംസ്ഥാനതല പരിപാടിയായി നടത്തേണ്ടതാണെന്നും സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ അഭിപ്രായപ്പെട്ടു. ടി അഭിപ്രായത്തോട് എല്ലാവരും യോജിച്ചു.

എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറായ ശ്രീ. ജി.പി. സജിത്ത്ബാബുവിന് എൻ.എസ്.എസ് അസിസ്റ്റന്റ് പ്രോഗ്രാം അഡ്വൈസർ ആയി സ്ഥാനക്കയറ്റം ലഭിച്ച വിവരം സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ യോഗത്തെ അറിയിക്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. തുടർന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ, റീജിയണൽ ഡയറക്ടർക്ക് ആശംസകൾ നേർന്ന് സംസാരിക്കുകയും റീജിയണൽ ഡയറക്ടർ ആയതിന് നന്ദി അറിയിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ പദ്ധതികളെപ്പറ്റി റീജിയണൽ ഡയറക്ടർ വിശദീകരിച്ചു. ഓരോ പദ്ധതികളും എങ്ങനെയാണ് നടത്തേണ്ടതെന്നും റിപ്പോർട്ടുകൾ എങ്ങനെയാണ് നൽകേണ്ടതെന്നുമുള്ള വിശദമായ നിർദ്ദേശങ്ങൾ റീജിയണൽ ഡയറക്ടർ എല്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും നൽകുകയുണ്ടായി. തുടർന്ന് യോഗത്തിന്റെ അജണ്ടയിൻമേലുള്ള ചർച്ചകൾ നടത്തി താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ എടുത്തു.

തീരുമാനം-1

എടപ്പാൾ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരവും ലക്ഷം വീട് പദ്ധതി പ്രകാരവും ധനസഹായം ലഭിച്ചിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത കുടുംബങ്ങളുടെയും സർക്കാരിന്റെ ലൈഫ് പദ്ധതി ഉൾപ്പെടെ സർക്കാരിന്റെ ഒരു ഭവന പദ്ധതികളിലും ഉൾപ്പെടാത്ത കുടുംബങ്ങളുടെ വീട് നിർമ്മാണം നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ പൂർത്തികരിച്ചു നൽകണമെന്ന് അപേക്ഷിച്ചു കൊണ്ടുള്ള മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/10/2019ലെ എ2/3546/19 -ാം നമ്പർ കത്ത് യോഗം ചർച്ച ചെയ്തു. എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ 66 പേരുടെ ലിസ്റ്റിൽ നിന്നും ഇ.എം.എസ്, ലക്ഷം വീട്, ലൈഫ് പദ്ധതി എന്നിവയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും

ഹയർസെക്കന്ററി-10, വൊക്കേഷണൽ ഹയർസെക്കന്ററി-1 , എ.പി.ജെ. അബ്ദുൾ
സാങ്കേതിക സർവ്വകലാശാല-5, ഐ.എച്ച്.ആർ.ഡി.-1, ടെക്നിക്കൽ സെൽ-2, കാലി
സർവ്വകലാശാല-1 എന്നിങ്ങനെ 20 വീടുകൾ നിർമ്മിച്ചു നൽകാമെന്ന് ബന്ധപ്പെട്ടവ
അറിയിക്കുന്നതിനും ആയത് ഡിസംബർ മാസത്തെ സ്പെഷ്യൽ ക്യാമ്പിൽ ആരംഭിച്ച് മാർച്ച്
മാസത്തോടെ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി
ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ഡി.എച്ച്.എസ്.സി,
വി.എച്ച്.എസ്.സി, ഐ.എച്ച്.ആർ.ഡി, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല,
കാലിക്കട്ട് സർവ്വകലാശാല, ടെക്നിക്കൽ സെൽ എന്നീ സർവ്വകലാശാല/ ഡയറക്ട്രേറ്റ്
പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് നൽകുന്നതിനും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറെ
ചുമതലപ്പെടുത്തുന്നതിനും അനുയോജ്യമായ ഗുണഭോക്താക്കളെ കണ്ടെത്തി
സമയബന്ധിതമായി വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് എല്ലാ പ്രോഗ്രാം
കോ-ഓർഡിനേറ്റർമാരെയും ചുമതലപ്പെടുത്തുന്നതിനും യോഗം ഐക്യകണ്ഠേന തീരുമാനിച്ചു.

തീരുമാനം-2

എൻ.എസ്.എസ്. ഗോൾഡൻ ജൂബിലിയുടെയും മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിന്റെയും സ്മരണക്കായി എൻ.എസ്.എസ്. മുഖേന നിർദ്ധന കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകുന്ന ഭവനങ്ങൾക്കും പുനരുദ്ധാരണം നടത്തി നൽകുന്ന ഭവനങ്ങൾക്കും എൻ.എസ്.എസ്. ഗോൾഡൻ ജൂബിലി ഭവനം എന്ന് പേര് നൽകുന്നതിനും അവയുടെ താക്കോൽ ദാനം കേരളത്തിലെ എല്ലാ എൻ.എസ്.എസ്. സെല്ലുകളും ചേർന്ന് സംസ്ഥാന തല പരിപാടിയായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

തീരുമാനം-3

ഇന്ദിരാഗാന്ധി എൻ.എസ്.എസ്. അവാർഡിനായുള്ള നോമിനേഷനുകൾ ക്ഷണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ 2019 നവംബർ 30 വരെയും എൻട്രികൾ ക്ഷണിച്ച് വിജ്ഞാപനം വരുന്നില്ലായെങ്കിൽ സംസ്ഥാന എൻ.എസ്.എസ്. അവാർഡിനുള്ള എൻട്രികൾ ക്ഷണിച്ച് 2019 ഡിസംബർ ആദ്യവാരം മുതൽ സംസ്ഥാന എൻ.എസ്.എസ്. ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-4

കേരളത്തിലെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്കായുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ഉടൻ തന്നെ അനുവദിച്ച് നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ച സാഹചര്യത്തിൽ 2018-19 വർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സെല്ലുകൾക്ക് 2019-20 വർഷത്തെ ഗ്രാന്റ് അനുവദിക്കുന്നതല്ല എന്നും യഥാസമയം ഫണ്ട് ലഭിക്കാത്തതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് മാത്രമായിരിക്കും എന്നും സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ അറിയിച്ച സാഹചര്യത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സർവ്വകലാശാല/ഡയറക്ട്രേറ്റുകൾക്ക് 2018-19 വർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 30/12/2019 നകം നൽകുന്നതിന് ഒരവസരം കൂടി സംസ്ഥാന എൻ.എസ്.എസ്. ഓഫീസറോട് യോഗം പ്രത്യേകം ആവശ്യപ്പെട്ടതനുസരിച്ച് ആയതിന് പ്രത്യേക അനുമതി നൽകിയതിനാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്ത എല്ലാ പ്രോഗ്രാം

കോ-ഓർഡിനേറ്റർമാർക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൃത്യസമയത്തിനകം നൽകുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു. ടി സമയപരിധിക്കകം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത പക്ഷം ഗ്രാന്റ് നൽകേണ്ടതില്ലാതെയെന്ന സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ തീരുമാനം അംഗീകരിക്കുന്നതിനും യോഗം ഐക്യകണ്ഠേന തീരുമാനിച്ചു.

തീരുമാനം-5

ഉന്നതവിദ്യാഭ്യാസ കൗൺസിലും സംസ്ഥാന നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി നടത്തുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവ്വേയ്ക്ക് വേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിന്നും നൽകിയ ലിസ്റ്റ് അതാതു സർവ്വകലാശാല/ഡയറക്ട്രേറ്റുകൾക്ക് അയച്ചു നൽകുന്നതിന് സംസ്ഥാന എൻ.എസ്.എസ്. ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-6

2019-20 വർഷത്തെ സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്ന വേളയിൽ സ്പെഷ്യൽ ക്യാമ്പിൽ ഒരു ദിവസം ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ അനെർട്ടുമായി സഹകരിച്ച് എൻ.എസ്.എസ്. നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി ക്ളാസ് എടുക്കുന്നതിന് അനെർട്ടിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തുന്നതിനും ആയതിന് അനെർട്ടുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സേവനം ആവശ്യപ്പെടുന്നതിനും എല്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും നിർദ്ദേശം നൽകി തീരുമാനിച്ചു.

തീരുമാനം-7

റെയിൽവേയും എൻ.എസ്.എസുമായി സഹകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ഡിവിഷനിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വി.എച്ച്.എസ്.സി., ഹയർസെക്കന്ററി എന്നി എൻ.എസ്.എസ്. സെല്ലുകളെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-8

ശുചിത്വമിഷനും എൻ.എസ്.എസുമായി ചേർന്ന് 2018-19 ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ധനവിനിയോഗ സാക്ഷ്യപത്രം യൂണിവേഴ്സിറ്റി തലത്തിലും ഡയറക്ട്രേറ്റ് തലത്തിലും മാത്രമേ ഓഡിറ്റ് ചെയ്ത് നൽകാൻ കഴിയൂ എന്നും യൂണിറ്റ് തലത്തിൽ ഓഡിറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നും പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ അറിയിച്ചതിനെ തുടർന്ന് യൂണിവേഴ്സിറ്റി/ഡയറക്ട്രേറ്റ് തലത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

തീരുമാനം-9

കേരള സംസ്ഥാന ഐ.റ്റി.മിഷൻ നടപ്പിലാക്കുന്ന മാപ്പത്തോൺ പദ്ധതി സംസ്ഥ
എൻ.എസ്.എസിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി പരിശീലനം ലഭിച്ച പ്രോഗ്രാ
കോ-ഓർഡിനേറ്റർ ശ്രീ. ജോയ് വർഗ്ഗീസിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയ പ്രോഗ്രാം
ഓഫീസർമാർ എൻ.എസ്.എസ്. വോളന്റിയർമാർക്ക് എന്നിവർ തങ്ങളുടെ സ്ഥാപനങ്ങളിലെ
മുഴുവൻ എൻ.എസ്.എസ്. വോളന്റിയർമാരുടെയും സഹകരണം ഉറപ്പാക്കി ടി പദ്ധതി
വിജയകരമാക്കി നടപ്പിലാക്കുന്നതിനും ടി പ്രവർത്തനത്തിന് ആവശ്യമായ മേൽനോട്ടവും
നിർദ്ദേശവും നൽകുന്നതിനും ശ്രീ. ജോയ് വർഗ്ഗീസിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-10

മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള 04/11/2019 തീയതിയിലെ
PCB/PTA/TG/300/2019 -ാം നമ്പർ കത്ത് യോഗം ചർച്ച ചെയ്തു ശബരമലയിലും പമ്പയിലും
മണ്ഡലകാലത്ത് എൻ.എസ്.എസ്. വോളന്റിയർമാരുടെ സേവനം വിട്ടുനൽകുന്നതിനും
മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും ഐ.എച്ച്.ആർ.ഡി,
മഹാത്മാഗാന്ധി സർവ്വകലാശാല, കേരള സർവ്വകലാശാല, ടെക്നിക്കൽ സെൽ, എ.പി.ജെ.
അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിലെ പ്രോഗ്രാം
കോ-ഓർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകി ടി പ്രവർത്തനങ്ങളുടെ മേൽനോട്ടം
വഹിക്കുന്നതിന് സംസ്ഥാന എൻ.എസ്.എസ്. ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-11

കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് തരുന്ന ഗ്രാന്റ് ഇൻ എയ്ഡിന്റെ വരവ് ചെലവ്
വിവരങ്ങൾ രേഖപ്പെടുത്തുന്ന പി.എഫ്.എം.എസിൽ സർവ്വകലാശാല/ഡയറക്ട്രേറ്റ് തലത്തിലെ
വിവരങ്ങൾ രേഖപ്പെടുത്തുന്നതോടൊപ്പം കോളേജുകളിലെ വിവരങ്ങളും തെറ്റായി
രേഖപ്പെടുത്തിയത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. പി.എഫ്.എം.എസ്.
രേഖപ്പെടുത്തലുകൾ സംബന്ധിച്ച് പലഘട്ടങ്ങളിലും പരിശീലനം നൽകിയിട്ടുണ്ടെങ്കിലും
ഇപ്പോഴും പി.എഫ്.എം.എസിലെ കണക്കുകൾ യൂട്ടിലൈസേഷൻ സർട്ടിക്കറ്റുമായി
പൊരുത്തപ്പെട്ട് പോകാത്ത സാഹചര്യത്തിൽ പി.എഫ്.എം.എസിലെ പ്രശ്നങ്ങൾ
പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
ടി സബ്കമ്മിറ്റിയിൽ ഐ.എച്ച്.ആർ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സി.ആർ.
അജിത്ത്സെൻ, വൊക്കേഷണൽ ഹയർസെക്കന്ററി പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ
രഞ്ജിത്ത് പി. സംസ്ഥാന നാഷണൽ സർവ്വീസ് സ്കീം ഓഫീസിലെ സീനിയർ ക്ലർക്കുമാരായ
ശ്രീ. ഷിജു. എം.ആർ. ശ്രീമതി. നിഷാചന്ദ്രൻ. എം. ജൂനിയർ സൂപ്രണ്ടായ ശ്രീമതി. അനിത.
റ്റി.സി. എന്നിവരെ അംഗങ്ങളായി നിയമിച്ചു. 15/12/2019 നകം പി.എഫ്.എം.എസിലെ പ്രശ്നങ്ങൾ
പരിഹരിക്കുന്നതിന് സർവ്വകലാശാല/ഡയറക്ട്രേറ്റ് തലത്തിലെ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ
സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുമായി ബന്ധപ്പെട്ട് അനുയോജ്യമായ തീയതിയിൽ നേരിട്ട്
ഹാജരായി അതാത് സർവ്വകലാശാല/ഡയറക്ട്രേറ്റുകൾ സന്ദർശിച്ച് പി.എഫ്.എം.എസ്.
കണക്കുകൾ ക്യത്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും
നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു.പി.എഫ്.എം.എസ്. എൻട്രി ക്യത്യമാക്കുന്നതിനുള്ള ഈ

വസരം പൂർണ്ണമായും വിനിയോഗിക്കുന്നതിനും ഇതിനായി ഫിനാൻസ് വിങ്ങിന്റെ സഹകരണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

തീരുമാനം-12(1)

2019-20 വർഷത്തെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്കായുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തത് സംബന്ധിച്ച 2016-17, 2017-18,2018-19 എന്നീ വർഷങ്ങളിലെ ബാലൻസ് ഗ്രാന്റ് ലഭിക്കാത്തത് സംബന്ധിച്ചും യോഗം ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ആവശ്യമായ എല്ലാ രേഖകളുമായി ബഹു. കേന്ദ്ര മന്ത്രി ശ്രീ. വി. മുരളീധരൻ, ബഹു. എം.പി. ശ്രീ. ശശി തരൂർ എന്നിവരെ നേരിട്ട് കാണുന്നതിനും വിശദമായ ഒരു നിവേദനം നൽകുന്നതിനുമായി ഐ.എച്ച്.ആർ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സി.ആർ.അജിത്ത്സെൻ, കേരള സർവ്വകലാശാല പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. എ ഷാജി. എന്നിവരെ ചുമതലപ്പെടുത്തി യോഗം ഐക്യക്ണഠേന തീരുമാനിച്ചു.

തീരുമാനം 12(2)

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 28/11/19 മുതൽ 30/11/2019 വരെ സംഘടിപ്പിക്കുന്ന സ്റ്റേറ്റ് ലെവൽ ക്യാമ്പിലേക്ക് മറ്റ് സർവ്വകലാശാല/ഡയറക്ട്രേറ്റുകളിൽ നിന്നും വോളന്റിയർമാരെ പങ്കെടുപ്പിക്കുന്നതിനും പങ്കെടുക്കുന്ന ഓരോ വോളന്റിയർമാരിൽ നിന്നും 500/- രൂപ ഫീസ് ഈടാക്കുന്നതിനുമായി അനുമതി നൽകുന്നതിന് ശ്രീ. ശങ്കരാചാര്യ സർവ്വകലാശാല പ്രോഗ്രാം കോ-ഓർഡിനേറ്റർ നൽകിയ അപേക്ഷ യോഗം ചർച്ച ചെയ്തു. പങ്കെടുക്കുന്ന വോളന്റിയർമാരിൽ നിന്നും 300/- മാത്രമേ ഈടാക്കാവൂ എന്ന നിർദ്ദേശത്തോടെ മറ്റ് എൻ.എസ്.എസ്. സെല്ലുകളിൽ നിന്നും വോളന്റിയർമാരെ പങ്കെടുപ്പിക്കുന്നതിന് എല്ലാ പ്രോഗ്രാം ഓർഡിനേറ്റർമാർക്കും നിർദ്ദേശം നൽകി തീരുമാനിച്ചു.

തുടർന്ന് യോഗം കൃത്യം 1.30 പി.എം.ന് അവസാനിച്ചു.

സംസ്ഥാന എൻ.എസ്.എസ്. ആഫീസർ

സ്റ്റേറ്റ് എൻ.എസ്.എസ് ആഫീസ്
സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് സെൽ
വികാസ് ഭവൻ 4-ാം നില
തിരുവനന്തപുരം